**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4256** **28-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഖാദി സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഖാദി സെന്ററുകളാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ 7 നൂൽപ്പ് കേന്ദ്രങ്ങളും 6 നെയ്ത്തു കേന്ദ്രങ്ങളും ഉൾപ്പടെ ആകെ 13 ഖാദി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതെങ്കിലും ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ കാലപ്പഴക്കംകൊണ്ടോ അറ്റകുറ്റപണി നടത്താത്തതിനാലോ ശോചനീയാവസ്ഥലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. അവ ചുവടെ ചേർക്കുന്നു. 1. ബളാൽ നൂല്പ് കേന്ദ്രം 2. ഭീമനടി നൂല്പ് -നെയ്ത്ത് കേന്ദ്രങ്ങൾ 3. എളേരിത്തട്ട് നൂല്പ് കേന്ദ്രം 4. കട്ടമേനി നൂല്പ് കേന്ദ്രം 5. മടിക്കൈ നൂല്പ് കേന്ദ്രം 6. കോളംകുളം നെയ്ത്ത് കേന്ദ്രം 7. പരപ്പ നെയ്ത്ത് കേന്ദ്രം 8. പെരിയങ്ങാനം നെയ്ത്ത് കേന്ദ്രം 9.രാംനഗർ നെയ്ത്ത് കേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണിയുടെ ആവശ്യമുണ്ട്. |
| (സി) | ശോചനീയാവസ്ഥയിലുള്ള ഖാദി സെന്ററുകളുടെ കെട്ടിടങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഖാദി സെന്ററുകളുടെ നവീകരണത്തിനായി ഫണ്ടിന്റെ അപര്യാപ്തത കാരണം ഇതുവരെയും അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. 2022-23 സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തികൾക്കായി ത്രിതല പഞ്ചായത്തു കളുമായി ബന്ധപ്പെട്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്പിന്നിംഗ് യൂണിറ്റ്

| നമ്പർ | യൂണിറ്റിന്റെ പേര് | പഞ്ചായത്ത് | താലൂക്ക് |
|---|---|---|---|
| 1 | ബളാൽ | ബളാൽ ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 2 | ഭീമനടി | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 3 | എളേരിത്തട്ട് | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 4 | കടുമേനി | ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 5 | കാരിമൂല | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 6 | മടിക്കൈ | മടിക്കൈ ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 7 | രാംനഗർ | അജാനൂർ ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |

## വീവിംഗ് യൂണിറ്റ്

| നമ്പർ | യൂണിറ്റിന്റെ പേര് | പഞ്ചായത്ത് | താലൂക്ക് |
|---|---|---|---|
| 1 | ഭീമനടി | വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 2 | കാരിമൂല | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 3 | കോളംകുളം | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 4 | പരപ്പ | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 5 | പെരിയങ്ങാനം | കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |
| 6 | രാംനഗർ | അജാനൂർ ഗ്രാമപഞ്ചായത്ത് | ഹോസ്ദുർഗ് |